പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3958 24.8.2017-ൽ മറുപടിയ്ക്ക്

# തൃശ്ശൂർ ജില്ലയിലെ കേരള ഫീഡ്സ് കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) തൃശ്ശൂർ ജില്ലയിലെ കല്ലേറ്റിൻകരയിലെ കേരള ഫീഡ്സ് കമ്പനിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ക്ഷീര കർഷകർക്കും സംഘങ്ങൾക്കും ആവശ്യാനുസരണം കാലിത്തീറ്റ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | എ) സ്വീകരിക്കുന്നതാണ്. ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പിനു കീഴിൽ പൊതുമേഖലാസ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് 1999 മുതൽ സമീകൃത കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് കേരളത്തിലുടനീളം വിപണനം നടത്തി വരുന്നു. കേരള ഫീഡ്സ് കാലിത്തീറ്റ മിതമായ നിരക്കിൽ വിപണിയിൽ ലഭ്യമാണ്. തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ കമ്പനിയുടെ പ്രതിദിന ഉൽപ്പാദനം 500 മെട്രിക് ടണ്ണിൽ നിന്നും 650 മെട്രിക് ടണ്ണായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) ക്ഷീര സംഘങ്ങൾ കാലിത്തീറ്റയ്ക്കായി അഡ്വാൻസ് പേയ്മെന്റ് നടത്തിയിട്ടും തീറ്റ ലഭിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല. ക്ഷീരസംഘങ്ങൾ കാലിത്തീറ്റക്ക് പണമടക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ കാലിത്തീറ്റ വിതരണം നടത്തി വരുന്നു. |
| സി) ഇതൊഴിവാക്കുന്നതിനും കാലിത്തീറ്റ ഉദ്പാദനം കൂട്ടി, തീറ്റ ക്ഷീരകർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ? | സി) കേരള ഫീഡ്സ് കല്ലേറ്റുംകരയിലെ ഫാക്ടറിയിൽ നിന്നും പ്രതിദിനം 500 മെട്രിക് ടണ്ണിൽ നിന്നും 650 ആയി ഉയർത്തി കാലിത്തീറ്റ വിതരണം നടത്തി വരുന്നു. തെക്കൻ കേരളത്തിൽ കാലിത്തീറ്റ സുലഭമായി |

ലഭ്യമാക്കുന്നതിനു വേണ്ടി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ നിന്നും പ്രതിദിനം 300 മെട്രിക് ടൺ കാലിത്തീറ്റ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. വടക്കൻ കേരളത്തിൽ കാലിത്തീറ്റ സുലഭമായി ലഭ്യമാക്കുന്നതിനു വേണ്ടി കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരിയിലെ ഫാക്ടറിയിൽ നിന്നും ഒരു ഷിഫ്റ്റ് പ്രവർത്തനമാരംഭിച്ചു. വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഇത് 3 ഷിഫ്റ്റായി ഉല്പാദനം വർദ്ധിപ്പിച്ച് പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുന്നതാണ്. കൂടാതെ ഇടുക്കി ജില്ലയിലെ തൊടുപുഴക്കടുത്ത് അരീക്കുഴയിൽ 500 ടൺ പ്രതിദിന ഉൽപ്പാദനശേഷിയുള്ള ഫാക്ടറിയുടെ പ്രാഥമിക നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ